# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ **2049** — **11.02.2020** ൽ മറുപടിയ്ക്ക്

## ഓപ്പറേഷൻ പിരാന

ചോദ്യം — ഉത്തരം

ശ്രീ.അൻവർ സാദത്ത് — പിണറായി വിജയൻ (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നഗരസഭ കോർപ്പറേഷൻ ഓഫീസുകളിൽ ഓപ്പറേഷൻ പിരാന എന്ന പേരിൽ വിജിലൻസ് പരിശോധന നടത്തിയിരുന്നോ ; പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയ പ്രധാന ക്രമക്കേടുകൾ എന്തൊക്കെയാണ് ; വ്യക്തമാക്കാമോ ; | (എ) | ഉണ്ട്. പ്രസ്തുത പരിശോധനയിൽ പ്രാഥമികമായി കണ്ടെത്തിയ ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു.<br>1. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട അപേക്ഷകളിൽ കൃത്യമായ സ്ഥലപരിശോധന നടത്താതെയും പരിശോധിച്ചവയിൽ കൃത്യമായ കാരണങ്ങളില്ലാതെ പെർമിറ്റ് നൽകാതെയും അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കാതെയും കാലതാമസം വരുത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്.<br>2. ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളുടെ തീർപ്പ് സംബന്ധിച്ച് 'സകേതം' സോഫ്റ്റ് വെയറിൽ യഥാവിധി വിവരങ്ങൾ ചേർക്കുന്നില്ലായെന്നും ഇക്കാരണത്താൽ ടി സോഫ്റ്റ് വെയറിൽ യഥാസമയം പെൻഡിംഗ് സ്റ്റാറ്റസ് അറിയുവാൻ കഴിയുന്നില്ല.<br>3. പല ഓഫീസുകളിലെയും ഉദ്യോഗസ്ഥർ അനധികൃതമായി അവധി എടുക്കുകയും ജോലിയിൽ ഹാജരാകാതെയുമിരിക്കുന്നു.<br>4. സ്ഥലപരിശോധന നടത്തുന്നതിൽ ക്രമക്കേട് കണ്ടെത്തി.<br>5. മൂവ്മെന്റ് രജിസ്റ്റർ, ഹാജർ രജിസ്റ്റർ, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, അപേക്ഷ രേഖപ്പെടുത്തുന്ന രജിസ്റ്റർ, ബിൽഡിംഗ് പെർമിറ്റ് അപേക്ഷ രജിസ്റ്റർ എന്നിവ ഓഫീസുകളിൽ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.<br>6. ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്ററിൽ ബിൽഡിംഗ് പെർമിറ്റ്, ഒക്യുപെൻസി സർട്ടിഫിക്കറ്റ് എന്നിവ അനുവദിക്കുമ്പോൾ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല, പെർമിറ്റ് സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്ന ഉദ്യോഗസ്ഥരുടെ ഒപ്പും സീലും ബന്ധപ്പെട്ട കോളത്തിൽ പതിക്കുന്നില്ല എന്നും കണ്ടെത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകളിൽ 30 ദിവസത്തിനകം അപേക്ഷകനെ തീരുമാനം അറിയിക്കണമെന്ന വ്യവസ്ഥ പലയിടത്തും പാലിക്കപ്പെടുന്നില്ലായെന്നത് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ ; വെളിപ്പെടുത്താമോ ; | (ബി) | ഉണ്ട്. |
| (സി) | പ്രസ്തുത പരിശോധനയുടെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെ-യാണ് ; വിശദവിവരം നൽകാമോ ? | (സി) | പരിശോധനാ റിപ്പോർട്ട് അന്തിമമായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**